**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1664** **11-09-2023 - ൽ മറുപടിയ്ക്ക്**

**പ്രത്യേക സർവ്വേ ടീമിനെ നിയമിക്കുവാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ. ഷംസുദ്ദീൻ</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ മണ്ണാർക്കാട് മണ്ഡലത്തിൽ 1. 1. 1977-ന് മുൻപ് വനഭൂമി കൈവശം വെച്ചിരിക്കുന്നവരിൽ അർഹരായവർ എത്രയെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കുമോ;</td><td>(എ)</td><td>മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 01/01/1977-ന് മുൻപ് വനഭൂമി കൈവശം വെച്ചിരിക്കുന്നവർ
<table>
<tr><td>വില്ലേജ്</td><td>അർഹരായവരുടെ എണ്ണം</td></tr>
<tr><td>കോട്ടോപ്പാടം - 1</td><td>122</td></tr>
<tr><td>അലനല്ലൂർ -3</td><td>10</td></tr>
<tr><td>പയ്യനെടം</td><td>3</td></tr>
<tr><td>കള്ളമല (അട്ടപ്പാടി താലൂക്ക്)</td><td>95</td></tr>
<tr><td>അഗളി (അട്ടപ്പാടി താലൂക്ക്)</td><td>74</td></tr>
<tr><td>ഷോളയൂർ (അട്ടപ്പാടി താലൂക്ക്)</td><td>5</td></tr>
</table></td></tr>
<tr><td>(ബി)</td><td>വനഭൂമി അളന്നു തിരിക്കുന്നതിനായി നിയമിച്ച താലൂക്കിലെ സർവ്വേയർമാരെ മറ്റു ജോലികൾക്കായി നിയോഗിച്ചതുമൂലം സർവ്വേ നടപടികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;</td><td>(ബി)</td><td>01/01/1977-നു മുമ്പ് വനഭൂമി കൈവശംവെച്ചുവരുന്നവരുടെ കൈവശഭൂമിയിൽ സംയുക്ത പരിശോധന നടത്തി പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾ നിർവ്വഹിക്കുന്നതിന് മണ്ണാർക്കാട് താലൂക്ക് സർവ്വെയർമാരെ നിയോഗിച്ചിട്ടില്ലാത്തതാണ്. എന്നാൽ പ്രസ്തുത സർവ്വെ ജോലികൾ നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവിലേക്കായി ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം മറ്റ് 4 സർവ്വെയർമാരെയും, 2 ടോട്ടൽ സ്റ്റേഷൻ മെഷീനുകളും അനുവദിച്ചിട്ടുള്ളതും, സർവ്വെ നടപടികൾ പുരോഗതിയിലുമാണ്. സംയുക്ത പരിശോധന നടത്തി അംഗീകരിച്ച ലിസ്റ്റിലെ 291 പേരുടെ കൈവശസ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി കോട്ടോപ്പാടം -1 വില്ലേജിലെ 10 പ്ലോട്ടുകളുടെ സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും, തുടർന്നുള്ള കൈവശങ്ങളുടെ വനാതിർത്തി നിർണയിച്ചിട്ടില്ലാത്തതിനാൽ ടി വില്ലേജിലെ സർവ്വെ</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ താൽക്കാലികമായി നിറുത്തി വച്ചിട്ടുള്ളതും, തുടർന്ന് പാലക്കയം വില്ലേജിന്റെ കൈവശ സ്ഥലങ്ങളുടെ സർവ്വെ നടപടികൾ നിർവ്വഹിക്കുകയും ചെയ്തിരുന്നു.<br><br>ഫോറസ്റ്റ് മിനി സർവ്വെ ടീം വനാതിർത്തി നിർണ്ണയിച്ചതിനു ശേഷമേ കോട്ടോപ്പാടം-1 വില്ലേജിലെ ബാക്കി സർവ്വെ ആരംഭിക്കുവാൻ കഴിയുകയുള്ളു. ഈ സാഹചര്യത്തിൽ ടി സർവ്വെക്ക് നിയോഗിച്ചിട്ടുള്ള ടീമിനെ ഡിജിറ്റൽ സർവ്വെക്കും ഗ്രീൻഫീൽഡ് സർവ്വെക്കുമായി മാറ്റി നിയോഗിച്ചിട്ടുള്ളതാണ്. |
| (സി) | ഭൂമി അളന്നു തിരിക്കുന്നതിനായി കൂടുതൽ അപേക്ഷകർ ഉള്ളതിനാൽ ഒരു പ്രത്യേക സർവ്വേ ടീമിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഈ വിഷയത്തിൽ ജില്ലാ എസ്റ്റാബ്ളിഷ്മെന്റിൽ നിലവിലുള്ള സർവ്വെയർമാരെ ജോലിയുടെ പ്രാധാന്യമനുസരിച്ച് ഉചിതമായ രീതിയിൽ നിയോഗിക്കുന്നതിനുള്ള നടപടികൾ ജില്ലാകളക്ടർ മുഖേന സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ